പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3205 21.06.2013 - ൽ മറുപടിയ്ക്ക്

**ആശ്വാസ കിരണം പദ്ധതി**

ചോദ്യം
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, പി.സി. വിഷ്ണുനാഥ്
,, കെ.അച്ചുതൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശ്വാസ കിരണം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) | കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ ഓട്ടിസം മൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് മുഴുവൻ സമയവും മറ്റൊരാളുടെ പരിചരണം ആവശ്യമാണ്. പരിചരിക്കുന്ന വ്യക്തികൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ കഴിയുകയില്ല. വരുമാന മാർഗ്ഗമില്ലാതെ വിഷമിക്കുന്ന ഇത്തരക്കാർക്ക് ചെറിയൊരാശ്വാസം എന്ന നിലയിൽ 400/- രൂപാ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുക എന്നതാണ് ആശ്വാസ കിരണം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; | (ബി) | സാമൂഹ്യനീതി വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. |
| (സി) | ശയ്യാവലംബരായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; | (സി) | പ്രതിമാസം 400/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും എന്തെല്ലാം പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആശ്വാസ കിരണം പദ്ധതി ധനസഹായം 386 ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിരുന്നത്. പദ്ധതിക്ക് 43,84,944/- രൂപ ചെലവഴിക്കുകയുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്വാസ കിരണം പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ള കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ ഫലമായി ഇപ്പോൾ 46,187 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2012 - 13 വർഷം 23,10,05,545/- രൂപ പദ്ധതിക്കു വേണ്ടി ചെലവഴിക്കുകയുണ്ടായി. |

R. Vijayan

സെക്ഷൻ ഓഫീസർ